**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** **03-03-2025 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിലക്കയറ്റം തടയാൻ സിവിൽസപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് G.O(Rt)No. 470/2023/FCSD dt. 23/11/2023 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപികരിച്ച അതാത് ജില്ല കളക്ടർ, ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ല തല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മറ്റിയ്ക്ക് സമർപ്പിച്ച വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജില്ല /താലൂക്ക് തല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമകേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ /സിറ്റി റേഷനിങ് ഓഫിസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപികരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട് . അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ച് നിർത്തുന്ന നടപടികൾ സ്വീകരിച്ച വരുന്നു. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell പ്രവർത്തിച്ച വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് PMS ആപ്പിൽ Upload ചെയ്തു വരുന്നു. പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ Centre for Price Research Kerala രൂപികരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ചു വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി വിലനിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കൂടാതെ, ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയ ശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43% പേർക്ക് സൗജന്യമായി ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു വരുന്നു. കേന്ദ്ര സർക്കാർ കിലോയ്ക്ക് 8.30 രൂപ നിരക്കിൽ നൽകുന്ന ടൈഡ് ഓവർ അരിയിൽ നിന്നും സംസ്ഥാന സർക്കാർ 4.30 രൂപ സബ്സിഡി നൽകി എൻ.പി.എസ് (നീല) വിഭാഗത്തിന് കിലോയ്ക്ക് 4 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ